# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3753 20.06.2019-ൽ മറുപടിക്ക്

## മ്യൂസിയങ്ങൾക്കായി കേന്ദ്ര ധനസഹായം

**ചോദ്യം**
ശ്രീ.വി.ടി.ബൽറാം

**ഉത്തരം**
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയം സജ്ജീകരിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ ജില്ലകളിൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചുവെന്നും ശേഷിക്കുന്ന ജില്ലകളിൽ എന്നത്തേക്ക് ഇത് സ്ഥാപിക്കുവാൻ കഴിയുമെന്നും അറിയിക്കാമോ; | (എ) | എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, പത്തനംതിട്ട, തൃശ്ശൂർ, എറണാകുളം, പാലക്കാട്, മലപ്പുറം, ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. മലപ്പുറം ഒഴികെയുള്ള ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്ന പ്രവർത്തനങ്ങൾ പുരാവസ്തു വകുപ്പ് സ്വീകരിച്ചുവരുന്നു.<br><br>മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്കാഫീസ് പ്രവർത്തിക്കുന്ന കെട്ടിടം ഒഴിഞ്ഞു കിട്ടുന്ന മുറയ്ക്ക് അവിടെ മ്യൂസിയം സജ്ജീകരിക്കുന്നതാണ്. മറ്റു ജില്ലകളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്ന മുറയ്ക്ക് അവിടങ്ങളിൽ മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | മ്യൂസിയങ്ങളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനും എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിനുമുള്ള പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും ധനസഹായം ലഭിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ബി) | പുരാവസ്തു വകുപ്പിന് കീഴിലുള്ള എറണാകുളം ഹിൽപ്പാലസ് മ്യൂസിയം, കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം, നെടുമങ്ങാട് കോയിക്കൽ കൊട്ടാരം, തൃശ്ശൂർ ശക്തൻ തമ്പുരാൻ കൊട്ടാരം എന്നീ മ്യൂസിയങ്ങളുടെ പുനഃരുദ്ധാരണത്തിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ 80:20 എന്ന അനുപാതത്തിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിച്ചു വരുന്നു.<br><br>എറണാകുളം ഹിൽപ്പാലസ് മ്യൂസിയം, നെടുമങ്ങാട് കോയിക്കൽ കൊട്ടാരം, കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം |

| | | | |
|---|---|---|---|
| | | | എന്നിവയുടെ പുനഃരുദ്ധാരണത്തിനായി 80 : 20 എന്ന അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ധനസഹായം അനുവദിക്കുകയും ഒന്നാം ഗഡുവായി 524.96 ലക്ഷം (കേന്ദ്രം), 124.5 ലക്ഷം (സംസ്ഥാനം) ഉൾപ്പെടെ ആകെ 649.46 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ഒന്നാംഘട്ട നവീകരണ പ്രവർത്തനങ്ങൾക്ക് ശേഷം സമർപ്പിച്ച യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ, രണ്ടാം ഗഡുവായി ടി മ്യൂസിയങ്ങളുടെ പ്രവർത്തികൾക്കായി 2,35,53,814/- രൂപയും തൃശ്ശൂർ ശക്തൻ തമ്പുരാൻ കൊട്ടാരത്തിന്റെ പുനഃരുദ്ധാരണത്തിനായി 2,00,42,640/- രൂപയും പുരാവസ്തു വകുപ്പിന് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**